

# സോഷ്യൽ ഇൻക്ലൂഷൻ ആക്ഷൻ ഗ്രൂപ്പിൽ എങ്ങനെ ചേരാം

**SIAG- ൽ ചേരാനുള്ള താൽപ്പര്യ സൂചനകളുടെ ആശയവിനിമയങ്ങൾക്കുള്ള സമയം 19 സെപ്തംബർ 2025 വെള്ളിയാഴ്ച അവസാനിക്കും**

## എന്താണ് സോഷ്യൽ ഇൻക്ലൂഷൻ ആക്ഷൻ ഗ്രൂപ്പ്?

സ്റ്റേറ്റ് ഗവൺമെന്റിന്റെ പിന്തുണയോടെ വിറ്റിൽസിയ സിറ്റി, സോഷ്യൽ ഇൻക്ലൂഷൻ ആക്ഷൻ ഗ്രൂപ്പ് (SIAG) എന്ന പേരിൽ പുതിയൊരു ഗ്രൂപ്പ് ആരംഭിക്കുകയാണ്.

ഈ ഗ്രൂപ്പ്, സാമൂഹിക ഉൾച്ചേർക്കലിലും ബന്ധങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കും. ആളുകൾക്ക് എളുപ്പത്തിൽ കമ്മ്യൂണിറ്റി ജീവിതത്തിൽ പങ്കെടുക്കാനും തങ്ങളും യഥാർത്ഥത്തിൽ കമ്മ്യൂണിറ്റിയിൽ ഉൾപ്പെട്ടവരാണെന്ന് തോന്നാനും സഹായിക്കുന്ന വഴികൾ ഇത് ആരായും.

ഏറ്റവും ആവശ്യമുള്ളത് എന്താണെന്ന് മനസ്സിലാക്കുന്നതിനായി, സമൂഹത്തിൽ നിന്നുള്ള തെളിവുകളും അഭിപ്രായ നിർദ്ദേശങ്ങളും മുഖേനയാണ് SIAG നയിക്കപ്പെടുക. തുടർന്ന്, പ്രവേശനക്ഷമത മെച്ചപ്പെടുത്തുകയും ആളുകളെ ഒരുമിച്ച് കൊണ്ടുവരികയും ചെയ്യുന്ന, കമ്മ്യൂണിറ്റി നേതൃത്വം കൊടുക്കുന്ന പദ്ധതികളെ എങ്ങനെ മികച്ച രീതിയിൽ പിന്തുണയ്ക്കാമെന്ന് അത് തീരുമാനിക്കും.

വ്യത്യസ്ത ശബ്ദങ്ങൾക്ക് ഇടമുണ്ടെന്ന് ഉറപ്പാക്കുന്നതിന് വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള 12-14 പേരെ ഗ്രൂപ്പിൽ ഉൾപ്പെടുത്തും. സുരക്ഷിതവും പരസ്പര ബഹുമാനമുള്ളതുമായ ഒരു ഇടം സൃഷ്ടിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

## ഞാൻ അപേക്ഷിക്കണോ?

കമ്മ്യൂണിറ്റിയിലേക്ക് വ്യത്യസ്ത കഴിവുകളും കാഴ്ചപ്പാടുകളും സംഭാവന ചെയ്യുന്ന, പരസ്പരം കാര്യങ്ങൾ പഠിച്ചെടുക്കാൻ ആഗ്രഹിക്കുന്ന ആളുകളെയാണ് ഞങ്ങൾ തേടുന്നത്. വിറ്റിൽസിയ സിറ്റിയുടെ **SIAG-യിൽ ഇനിപ്പറയുന്ന തരത്തിലുള്ള ആളുകളുടെ ഒരു സംയോജനം ഉൾപ്പെടും:**

- 18 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവർ
- മുനിസിപ്പാലിറ്റിയുടെ എല്ലാ മേഖലകളിലും ഉടനീളം താമസിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്നവർ
- വ്യത്യസ്ത കമ്മ്യൂണിറ്റി ഗ്രൂപ്പുകളുമായി നല്ല ബന്ധം പുലർത്തുന്നവർ
- വൈകല്യമുള്ളവർ, LGBTQIA+, ഫസ്റ്റ് പീപ്പിൾസ്, ബഹുസംസ്ക്കാര കമ്മ്യൂണിറ്റികൾ, അഭയാർത്ഥി കമ്മ്യൂണിറ്റികൾ എന്നിവ ഉൾപ്പെടെയുള്ള കമ്മ്യൂണിറ്റികളിൽ പെട്ടവർ
- മാനസികാരോഗ്യ വെല്ലുവിളികൾ, ഭവനരാഹിത്യം, തൊഴിലില്ലായ്മ, ഗാർഹിക അക്രമം, ഒറ്റ രക്ഷിതാവോ അല്ലെങ്കിൽ കുടുംബത്തിന്റെ ഒറ്റ ആശ്രയസ്രോതസ്സോ ആയിരിക്കൽ അല്ലെങ്കിൽ ഉൾച്ചേർക്കൽ വികാരങ്ങളെ ബാധിക്കുന്ന മറ്റ് സാഹചര്യങ്ങൾ എന്നിവയുൾപ്പെടെയുള്ള ബുദ്ധിമുട്ടുകളോ പ്രതികൂല സാഹചര്യങ്ങളോ അനുഭവിച്ചിട്ടുള്ളവർ

**കൗൺസിലർമാർക്കും വിറ്റിൽസിയ സിറ്റി ജീവനക്കാർക്കും അപേക്ഷിക്കാൻ യോഗ്യതയുണ്ടാകില്ല.**

Interpreter
Free telephone interpreter service
131 450

City of Whittlesea

VICTORIA State Government

## ഞാൻ എന്ത് ചെയ്യും?

- നിങ്ങളുടെ അനുഭവങ്ങളും കമ്മ്യൂണിറ്റി അറിവും പ്രാദേശിക നെറ്റ്വർക്കുകളും എന്നിവ പങ്കിടുക
- സാമൂഹിക ബന്ധവും ഉൾച്ചേർക്കലുമായി ബന്ധപ്പെട്ട നമ്മുടെ കമ്മ്യൂണിറ്റിയിലെ പ്രാദേശിക ആവശ്യങ്ങളും നിലവിലുള്ള സംരംഭങ്ങളും വിടവുകളും തിരിച്ചറിയാൻ സഹായിക്കുക
- ധനസഹായം എങ്ങനെ ഉപയോഗിക്കണമെന്ന് തീരുമാനിക്കാൻ കൂടെയുള്ള SIAG അംഗങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക
- വിവരങ്ങൾ പങ്കിടുന്നതിനും പുതിയ ആശയങ്ങളിൽ സഹകരിക്കുന്നതിനും കൂടുതൽ വിശാലമായ കമ്മ്യൂണിറ്റിയുമായി ബന്ധം സ്ഥാപിക്കുക
- അറിവും കഴിവുകളും വളർത്തിയെടുക്കുന്നതിനുള്ള പരിശീലനവും നിങ്ങളുടെ പങ്കാളിത്തത്തിനുള്ള അംഗീകാരമായി പ്രതിഫലവും സ്വീകരിക്കുക

## എന്തൊക്കെ ചെയ്യുമെന്നാണ് ഞാൻ ഉറപ്പ് നൽകുന്നത്?

- 18 മാസത്തേക്ക് SIAG-യുടെ ഭാഗമായിരിക്കുക
- 2025 ഒക്ടോബർ അവസാനം മുതൽ ഡിസംബർ ആദ്യം വരെയും, 2026 ജനുവരി പകുതി മുതൽ ഏപ്രിൽ വരെയും രണ്ടാഴ്ചയിലൊരിക്കൽ മീറ്റിംഗുകളിലും, തുടർന്ന് 2026 മെയ് മുതൽ പ്രതിമാസ മീറ്റിംഗുകളിലും പങ്കെടുക്കുക
- കഴിവുകൾ പഠിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി പരിശീലന സെഷനുകളിൽ (മീറ്റിംഗ് സമയത്തിനുള്ളിൽ) പങ്കെടുക്കുക
- സാധ്യമാകുമ്പോഴെല്ലാം SIAG-യുടെ പ്രവർത്തനങ്ങൾ പ്രമോട്ട് ചെയ്യുന്നതിനായി കമ്മ്യൂണിറ്റി പരിപാടികളിൽ പങ്കെടുക്കുക
- കാര്യങ്ങൾ പഠിച്ചെടുക്കാനും സഹ അംഗങ്ങളുമായി നന്നായി സഹകരിച്ച് പ്രവർത്തിക്കാനുമുള്ള സന്നദ്ധത ഉണ്ടായിരിക്കുക



## നമ്മൾ എപ്പോഴാണ് തമ്മിൽ കാണുക?

ഗ്രൂപ്പ് അംഗങ്ങളുടെ ലഭ്യതയെ ആശ്രയിച്ച് ചൊവ്വാഴ്ചകളിലോ വ്യാഴാഴ്ചകളിലോ SIAG മീറ്റിംഗുകൾ നടത്തപ്പെടും. ഓരോ മീറ്റിംഗും 90 മിനിറ്റോളം അല്ലെങ്കിൽ 2 മണിക്കൂറോളം നീണ്ടുനിൽക്കും.

മീറ്റിംഗ് വേദികൾക്കുള്ള ഓപ്ഷനുകൾ നൽകപ്പെടും, എവിടെ കണ്ടുമുട്ടുമെന്ന് അംഗങ്ങൾ കൂട്ടായി തീരുമാനിക്കും. മീറ്റിംഗ് വേദികളിൽ ഭിന്നശേഷിയുള്ളവർക്ക് ആവശ്യമായ പിന്തുണകൾ ഉണ്ടായിരിക്കും. ആവശ്യമുള്ളവർക്ക് പിന്തുണ ലഭ്യമാകും.

## എനിക്ക് എന്ത് ലഭിക്കും?

ഗ്രൂപ്പ് അംഗങ്ങൾക്ക്, അവരുടെ കഴിവുകളും സംഭാവനകളും അംഗീകരിക്കുന്ന തരത്തിൽ, മീറ്റിംഗുകളിലും പരിശീലന സെഷനുകളിലും പങ്കെടുക്കുന്നതിനുള്ള പ്രതിഫലം ലഭിക്കും. യാത്രകളും ദ്വിഭാഷികളും/വിവർത്തകരും ചൈൽഡ് കെയറും ഒരു അംഗത്തിന്റെ പങ്കാളിത്തത്തെ പിന്തുണയ്ക്കുന്നുണ്ടെങ്കിൽ, അവയ്ക്കായി ചെലവിടുന്ന തുകയും ഇതിൽ ഉൾപ്പെടും.

## എനിക്ക് എങ്ങനെ അപേക്ഷിക്കാം?

QR കോഡ്
സ്കാൻ ചെയ്യുക

**SIAG അംഗമാകാനുള്ള നിങ്ങളുടെ താൽപ്പര്യം സൂചിപ്പിക്കുന്നതിന്, നിങ്ങൾക്ക് engage.whittlesea.vic.gov.au/siag എന്ന വിലാസത്തിൽ ലഭ്യമാക്കിയിരിക്കുന്ന ഓൺലൈൻ ഫോം പൂരിപ്പിക്കാവുന്നതാണ്**

**നിങ്ങൾക്ക് ഇനിപ്പറയുന്ന കാര്യങ്ങളും ചെയ്യാം:**

- ഫോമിന്റെ പൂരിപ്പിച്ച പേപ്പർ പകർപ്പ് കൗൺസിലിന് സമർപ്പിക്കുക
- പ്രധാന ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന ഒരു ഹ്രസ്വ വീഡിയോ അപ്ലോഡ് ചെയ്യുക
- SIAG കോർഡിനേറ്ററുമായോ പ്രോജക്റ്റ് ഓഫീസറുമായോ 10 മിനിറ്റ് ചാറ്റ് ചെയ്യുന്നതിനായി വിളിക്കുക

നിങ്ങൾക്ക് ഈ ഓപ്ഷനുകളിൽ ഒന്ന് വേണമെങ്കിലോ അപേക്ഷിക്കുന്നതിന് ഒരു ദ്വിഭാഷിയെയോ ക്രമപ്പെടുത്തലുകളോ ആവശ്യമുണ്ടെങ്കിലോ, ഓപ്ഷനുകൾ ചർച്ച ചെയ്യാൻ ദയവായി **SIAG@whittlesea.vic.gov.au** എന്ന വിലാസത്തിൽ ബന്ധപ്പെടുക അല്ലെങ്കിൽ **9407 5907** എന്ന നമ്പറിൽ വിളിക്കുക.

Interpreter
Free telephone interpreter service
131 450

City of Whittlesea

VICTORIA State Government